(ബി) ഒഴിവുള്ള തസ്തികളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ)

1. ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ — 1
2. അസിസ്റ്റന്റ് ശിശുവികസന പദ്ധതി ആഫീസർ 1
3. ലോവർ ഡിവിഷൻ ക്ലാർക്ക് —3
4. ഹെഡ് അക്കൗണ്ടന്റ് —1
5. ക്ലാർക്ക് ടൈപ്പിസ്റ്റ് —1 (5 വർഷത്തെ ശൂന്യവേതനാവധിയിൽ പോയ ഒഴിവ്)
6. ലാസ്റ്റ് ഗ്രേഡ് —3
7. വാച്ച്മാൻ —4
8. കെയർ ടേക്കർ —1
9. സൂപ്പർവൈസർ —11

(ബി) ഉണ്ട്.

(സി) ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ, അസിസ്റ്റന്റ് ശിശു വികസന പദ്ധതി ഓഫീസർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ് എന്നീ ഒഴിവുകൾ നികത്താൻ 22-8-2003-ലെ എഫ്. നമ്പർ. 1-3/02 സി.ഡി.1 (വോ-1) കത്ത് പ്രകാരം കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നിയമനം അനുവദനീയമല്ല. ക്ലാർക്ക് ടൈപ്പിസ്റ്റിന്റെ ഒഴിവും ലാസ്റ്റ് ഗ്രേഡിലെ ഒരു ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവ പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ സാമൂഹ്യക്ഷേമ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

152 [1331] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സാമൂഹ്യക്ഷേമ വകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ; അവയുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പൂർത്തീകരിച്ചവ ഏതെന്നും ഇനി പൂർത്തീകരിക്കാനുള്ളവ ഏതെന്നും ഇനി തുടങ്ങാൻ ഉദ്ദേശിക്കുന്നവ ഏതെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

വനിതാ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ

153 [1332] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷൻവഴി ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതുമൂലം എത്ര വനിതകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ കഴിഞ്ഞ നാല് വർഷങ്ങളിലായി ചെലവഴിച്ച തുക എത്ര വീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള എത്ര സംരംഭങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷന്റെ പദ്ധതിക്കുവേണ്ടി 14 ജില്ലകളിലും ചെലവഴിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2001-2004 കാലയളവിൽ വനിതാ വികസന കോർപ്പറേഷൻവഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു:

1. പൊതു വിഭാഗത്തിനുള്ള വായ്പാ പദ്ധതികൾ
2. പിന്നോക്ക വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ
3. വികലാംഗ വനിതകൾക്കുള്ള വായ്പാ പദ്ധതികൾ
4. വനിതാ വ്യവസായ സഹകരണ സംഘങ്ങൾക്കും മഹിളാ സമാജങ്ങൾക്കുമുള്ള വായ്പാ പദ്ധതികൾ
5. തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ. മേൽപ്പറഞ്ഞ പദ്ധതികൾമൂലം 5695 പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly